# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂൺ 28

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## തദ്ദേശ സ്ഥാപന
## ഉപതെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ചു

ജില്ലയിൽ നാല് തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന ഉപതെരഞ്ഞെടുപ്പിൽ മുഴുവൻ സീറ്റിലും കോൺഗ്രസ് സ്ഥാനാർത്ഥികൾ വിജയിച്ചു. തളിക്കുളം ബ്ലോക്ക് പഞ്ചായത്തിലെ ഒന്നാം വാർഡായ ചേറ്റുവ ഡിവിഷനിൽ കോൺഗ്രസ് സ്ഥാനാർത്ഥി നൗഷാദ് കൊട്ടിലിങ്ങൽ 730 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ വിജയിച്ചു. അദ്ദേഹത്തിന് 2843 വോട്ടും എതിർ സ്ഥാനാർത്ഥി സുനിൽ പണിക്കശ്ശേരി( സി.പി.ഐ(എം) ക്ക് 2113 വോട്ടും ലഭിച്ചു.പാഞ്ഞാൾ ഗ്രാമ പഞ്ചായത്തിലെ എട്ടാം വാർഡായ കിള്ളിമംഗലം പടിഞ്ഞാറ്റു മുറിയിൽ ആസിയ (കോൺഗ്രസ്) 183 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ വിജയിച്ചു. ആസിയക്ക് 547 വോട്ടും എതിർ സ്ഥാനാർത്ഥി ശ്രീന വിനോദ് (സി.പി.ഐ) ന് 364 വോട്ടും ലഭിച്ചു. കോലഴി ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡായ കോലഴി നോർത്തിൽ കോൺഗ്രസ് സ്ഥാനാർത്ഥി സുരേഷ് കുമാർ 165 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ വിജയിച്ചു. അദ്ദേഹത്തിന് 597 വോട്ടും എതിർ സ്ഥാനാർത്ഥി വി.ജി.രാജൻ(സി.പി.ഐ) ക്ക് 432 വോട്ടും ലഭിച്ചു. പൊയ്യ ഗ്രാമ പഞ്ചായത്തിലെ അഞ്ചാം വാർഡ് പൂപ്പത്തി വടക്ക് ഉപതെരഞ്ഞെടുപ്പിൽ സജിത ടൈറ്റസ് (കോൺഗ്രസ് ) 42 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ വിജയിച്ചു. സജിത ടൈറ്റസ് 532 വോട്ടും അല്ലി ഗോപി ( സി.പി.ഐ (എം) 490 വോട്ടും നേടി.

## ജില്ലാ പഞ്ചായത്ത് യോഗം

## ജങ്കാർ സർവീസ്: ബൊളളാർഡ് പോൾ

## പുനഃസ്ഥാപിക്കാൻ ടെൻഡർ ഉടൻ

തൃശൂർ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എം.ബി മുസിരിസ് ജങ്കാർ സർവീസ് നടത്തിവരുന്ന അഴീക്കോട് മുനമ്പം കടവുകളിൽ ബൊളളാർഡ് പോൾ പുനഃസ്ഥാപിക്കുന്ന പ്രവൃത്തിയുടെ സാങ്കേതിക അനുമതിക്കായുള്ള പരിശോധന നടക്കുകയാണെന്നും ഉടൻ ടെൻഡർ നടപടികളിലേക്ക് കടക്കുമെന്നും ജില്ലാ പഞ്ചായത്ത് യോഗത്തിൽ വൈസ് പ്രസിഡൻറ് എൻ.കെ ഉദയപ്രകാശൻ അറിയിച്ചു. 46,80,000 രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി മുഴുവൻ തുകയും ഹാർബർ എൻജിനീയറിംഗ് എറണാകുളം ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ കൈമാറിയിട്ടുണ്ട്. സാങ്കേതിക അനുമതി നൽകിയ ഉടൻ ടെൻഡർ ചെയ്യുമെന്ന് ഹാർബർ എൻജിനീയറിംഗ് ഓഫീസ് അറിയിച്ചതായും വൈസ് പ്രസിഡൻറ് പറഞ്ഞു. ജില്ലാ പഞ്ചായത്ത് ഇതുസംബന്ധിച്ച എല്ലാ നടപടിയും പൂർത്തിയാക്കിയതായും അറിയിച്ചു.

താന്ന്യം - നാട്ടിക പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ചെമ്മാപ്പിള്ളി കടവ് തൂക്കുപാലം അപകടാവസ്ഥയിലായതിനാൽ അടിയന്തിരമായി അറ്റകുറ്റപണി നടത്തുകയോ യാത്ര നിർത്തിവെക്കുകയോ ചെയ്യണമെന്ന ഡിവിഷൻ മെംബറുടെ ആവശ്യപ്രകാരം പ്രശ്നം ജില്ലാ കളക്ടറുടെയും സംസ്ഥാന സർക്കാറിന്റെയും ശ്രദ്ധയിൽപ്പെടുത്താൻ യോഗം തീരുമാനിച്ചു. സ്കൂൾ

കുട്ടികളും സ്ത്രീകളുമുൾപ്പെടെയുള്ള യാത്രക്കാരും ജീവൻ പണയം വച്ചാണ് പാലത്തിലൂടെ യാത്ര ചെയ്യുന്നത്. പാലം ജില്ലാ പഞ്ചായത്തിന് ഏറ്റെടുക്കാനാവില്ലെന്നും ഈ വിഷയത്തിൽ നടപടിക്കായി ജില്ലാ കളക്ടർക്ക് കത്തുനൽകുമെന്നും പ്രസിഡൻറ് മേരി തോമസ് അറിയിച്ചു.

പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂനിറ്റ് തൃശൂർ എക്സിക്യൂട്ടീവ് എൻജിനീയറുടെ ഉത്തരവ് പ്രകാരം അഞ്ച് ജില്ലാ പഞ്ചായത്ത് റോഡുകൾ നിർമ്മാണവും അറ്റകുറ്റപ്പണികളും പൂർത്തീകരിച്ച് ജില്ലാ പഞ്ചായത്തിന് കൈമാറിയത് യോഗം അംഗീകരിച്ചു. നവോദയ-പുത്തിരിത്തര റോഡ്, തൊഴൂപ്പാടം-സാമൂഹ്യക്ഷേമ കേന്ദ്രം റോഡ്, ചാക്കിയാർ കടവ്-ശാസ്താംകടവ് റോഡ്, വെങ്ങിണിശ്ശേരി-സൗത്ത് ഗുരുകുലം റോഡ്, ചുവന്നമണ്ണ്-പൂവൻചിറ റോഡ്, പാലപ്പിള്ളി-വെള്ളിക്കുളങ്ങര റോഡ് എന്നിവയാണ് ജില്ലാ പഞ്ചായത്തിന് കൈമാറിയത്.

കാറളം ഡിവിഷനിലെ നന്തി-താണിശ്ശേരി റോഡ് സ്ഥിരമായി നാട്ടിക വാട്ടർ അതോറിറ്റി കുത്തിപ്പൊളിക്കുന്നതു മൂലം പൊതുജനങ്ങൾക്ക് പരാതി ഉണ്ടാകുന്നുവെന്ന പരാതി യോഗത്തിൽ ചർച്ച ചെയ്തു. ജില്ലാ പഞ്ചായത്തിന്റെ അനുമതിയില്ലാതെ റോഡ് കുത്തിപ്പൊളിക്കുന്നതിൽ യോഗം പ്രതിഷേധിച്ചു. അറ്റകുറ്റപണിയുടെ തുക വാട്ടർ അതോറിറ്റിയിൽനിന്ന് ഈടാക്കാൻ തീരുമാനിച്ചു.

'ജലരക്ഷ-ജീവരക്ഷ' യുടെ ഭാഗമായി മണലിപുഴയൊഴുകുന്ന  പാണഞ്ചേരി, നടത്തറ, പുത്തൂർ, നെന്മണിക്കര, വല്ലച്ചിറ, തൃക്കൂർ, അളഗപ്പനഗർ തുടങ്ങിയ പഞ്ചായത്തുകളുടെ ജനകീയ സമിതികളുടെ നേതൃത്വത്തിൽ ജില്ലാ സർവ്വെ ഉദ്യോഗസ്ഥരുടെ സംഘം സർവ്വെ നടത്തിക്കൊണ്ടിരിക്കുന്നതായി മണ്ണുസംരക്ഷണ ഓഫീസർ അറിയിച്ചു. ജൂലൈ അവസാനത്തോടെ 32.3 കിലോമീറ്റർ ദൂരം ഇരുകരകളിലും പുഴ അതിർത്തി രേഖപ്പെടുത്തി കല്ലിടൽ ചെയ്തുതീരും. ഇരുകരകളിലും മുള തുടങ്ങിയ വൃക്ഷങ്ങൾ പീച്ചി വനഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം വൃക്ഷതൈ വെച്ച് പിടിപ്പിക്കൽ നടത്തിവരുന്നു. 7 പഞ്ചായത്തുകളിലും വരുന്ന പുഴയിലെ മാലിന്യങ്ങളും മരങ്ങളും നീക്കം ചെയ്യുന്നതിന് ജില്ലാ പഞ്ചായത്ത് 19 ലക്ഷം രൂപ ഈ വർഷം പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

യോഗത്തിൽ പ്രസിഡൻറ് മേരി തോമസ് അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡൻറ് എൻ.കെ. ഉദയപ്രകാശൻ, സ്ഥിരം സമിതി അംഗങ്ങളായ കെ.ജെ ഡിക്സൺ, എം. പത്മിനി, ജെന്നി ജോസഫ്, മഞ്ജുള അരുണൻ, മെംബർമാർ, മറ്റ് ജനപ്രതിനിധികൾ, നിർവഹണ ഉദ്യോഗസ്ഥർ തുടങ്ങിയവർ സംസാരിച്ചു.

## ആവശ്യമുണ്ട് നിങ്ങളുടെ ശബ്ദം; ഇരുട്ടിൽ ഭാവന പൂത്തുലയാൻ

കൂരിരുട്ടിന്റെ ലോകത്ത് ജീവിക്കുന്നവർക്ക് ഭാവനയുടെ സ്വപ്നലോകം തീർക്കാൻ നിങ്ങളുടെ ശബ്ദം ദാനം ചെയ്യാം. കാഴ്ചയില്ലാത്തവർക്കായി ശബ്ദപുസ്തകം തയാറാക്കുന്ന തൃശൂർ ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ 'അകക്കണ്ണ്' കാമ്പയിന് ജൂലൈ ഒന്നിന് തുടക്കമാവും. കാഴ്ചയില്ലാത്തവരെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരുന്നതിനായി ശബ്ദ പുസ്തകങ്ങൾ സമാഹരിക്കുക എന്നതാണ് കാമ്പയിന്റെ ലക്ഷ്യം.

കാഴ്ച പരിമിതർക്ക് പുസ്തകം വായിക്കുന്നതിനുള്ള ആഗോളതല ഫോർമാറ്റായ ഡെയ്സി ആണ് ഇതിനായി ഉപയോഗപ്പെടുത്തുക. പുസ്തകങ്ങൾ വായിച്ച് റെക്കോർഡ് ചെയ്ത് ശബ്ദ പുസ്തകങ്ങളായി കൺവേർട്ട് ചെയ്താണ് ഡെയ്സി പുസ്തകങ്ങൾ തയാറാക്കുന്നത്. ഒരു വാചകത്തിൽനിന്നും മറ്റൊരു വാചകത്തിലേക്കും ഒരു തലക്കെട്ടിൽനിന്ന് മറ്റൊരു തലക്കെട്ടിലേക്കും ഒരു പേജിൽനിന്ന് മറ്റേതു പേജിലേക്കും വളരെ പെട്ടന്ന് പോകുവാൻ കഴിയുന്ന വിധത്തിലാണ് ഡെയ്സി ശബ്ദ പുസ്തകങ്ങളുടെ ഘടന. കാഴ്ചയുള്ളയാൾ പുസ്തകം വായിക്കുന്നതു പോലെ കാഴ്ചയില്ലാത്തയാൾക്കും പുസ്തകം വായിക്കാം.

പുസ്തകം വായിച്ച് റെക്കോർഡ് ചെയ്യുമ്പോൾ കവർ പേജ് മുതൽ അവസാനം വരെ ഒന്നും വിട്ടുകളയാതെയാണ് വായിക്കേണ്ടത്. കവർ പേജിലും മറ്റു പേജുകളിലും നൽകിയ ചിത്രങ്ങൾ ആവുന്ന വിധത്തിൽ വിവരിക്കണം. ഒഴിഞ്ഞ പേജുണ്ടെങ്കിൽ അതുൾപ്പെടെ പറയണം. എല്ലാ പേജ് നമ്പറുകളും കൃത്യമായി വായിക്കണം. കാഴ്ചയുള്ളവരുടെ ശബ്ദം കാഴ്ചയില്ലാത്തവർക്ക് അനുഗ്രഹമായി എന്നെന്നും നിലനിൽക്കാൻ സഹായിക്കുന്നതാണ് ഈ പദ്ധതി.

വായനാ വാരാചരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന അകക്കണ്ണ് കാമ്പയിന്റെയും 'മാറുന്ന ലോകം, മാറുന്ന വായന' സെമിനാറിന്റെയും ഉദ്ഘാടനം ജൂലൈ ഒന്നിന് രാവിലെ പത്തിന് ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ സംസ്കൃത സർവകലാശാല വൈസ് ചാൻസിലർ ഡോ. ധർമ്മരാജ് അടാട്ട് നിർവഹിക്കും. ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡൻറ് കെ.കെ. ഷീജു അധ്യക്ഷത വഹിക്കും. ചാലക്കുടി നഗരസഭ ചെയർപേഴ്സൻ ജയന്തി പ്രവീൺ കുമാർ, ജില്ലാ പഞ്ചായത്തംഗം അഡ്വ. കെ.ആർ സുമേഷ്, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് മേഖലാ ഡെപ്യൂട്ടി ഡയറക്ടർ വി.പി സുലഭകുമാരി, ജില്ലാ ഇൻഫർമേഷൻ ഓഫീസർ ബി. സേതുരാജ്, ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി കെ.എൻ ഹരി, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

# ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ദിനാഘോഷം: സ്റ്റാറ്റ് ഫെസ്റ്റ് ജൂലൈ 29 ന്

ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ദിനാഘോഷത്തിന്റെ ഭാഗമായി ജില്ലാ സാമ്പത്തിക സ്ഥിതിവിവരകണക്ക് ഓഫീസിന്റെ ആഭിമുഖ്യത്തിൽ സ്റ്റാറ്റ് ഫെസ്റ്റ് 2019 സംഘടിപ്പിക്കുന്നു. ജൂലൈ 29 ന് രാവിലെ 10 ന് തൃശൂർ ജവഹർ ബാലഭവനിൽ കേരള കാർഷിക വൈസ് ചാൻസലർ ഡോ. ആർ ചന്ദ്രബാബു ഉദ്ഘാടനം ചെയ്യും. സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ എ പി ഷോജൻ അദ്ധ്യക്ഷത വഹിക്കും. കുസാറ്റ് സിൻഡിക്കേറ്റംഗം ഡോ. എസ് എം സുനോജ് മുഖ്യസന്ദേശം നൽകും. ജില്ലാ കളക്ടർ ടി വി അനുപമ, ചലച്ചിത്രതാരം ടൊവിനോ തോമസ്, ജില്ലാ ഓഫീസർ കെ ടി ലേഖ തുടങ്ങിയവർ പങ്കെടുക്കും. തുടർന്ന് സുസ്ഥിര വികസന ലക്ഷ്യങ്ങൾ എന്ന വിഷയത്തിൽ എറണാകുളം സെന്റ് പോൾസ് കോളേജ് മാനേജ്മെന്റ് സ്റ്റഡീസ് വകുപ്പ് മേധാവി ഡോ. ജോബ് ചക്കാലയ്ക്കൽ, എറണാകുളം മഹാരാജാസ് കോളേജ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. കെ മെർലിമോൾ ജോസഫ് എന്നിവർ നയിക്കുന്ന സെമിനാർ നടക്കും.

# പിഎസി യോഗം ജൂലൈ ഒന്നിന്

ഈ അദ്ധ്യയന വർഷത്തെ പ്രോഗ്രാം അഡ്വൈസറി കമ്മിറ്റി യോഗം ജൂലൈ ഒന്നിന് രാവിലെ 10 ന് ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രത്തിൽ നടക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് ഉദ്ഘാടനം ചെയ്യും. ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ മഞ്ജുള അരുണൻ അദ്ധ്യക്ഷത വഹിക്കും.
വാർഡ് കൗൺസിലർ അഡ്വ. സുരേഷ്കുമാർ, ഡയറ്റ് പ്രിൻസിപ്പൽ ഡോ. ഡി ശ്രീജ, ഡയറ്റ് ലക്ച്ചറർമാരായ ഡോ. ബിനോയി എൻ കെ രമേഷ്, മിനി ചെറിയാൻ എന്നിവർ പങ്കെടുക്കും.

# പഴയന്നൂരിനെ ചക്ക സമ്പുഷ്ടമാക്കാൻ അമൃതം പദ്ധതി

പഴയന്നൂരിനെ ചക്ക സമ്പുഷ്ടമാക്കാൻ അമൃതം പദ്ധതി. പഴയന്നൂരിനെ സമ്പന്നവും സമ്പുഷ്ടവുമാക്കുന്ന ഒരു പ്രധാന ഘടകമായി മാറുകയാണ് ചക്ക. ചക്കയുടെ മൂല്ല്യവർദ്ധിത ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പഴയന്നൂർ വനിതാ സ്വയംസഹായ സംഗമാണ് പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്തോടെ അമൃതം പദ്ധതിക്ക് തുടക്കമിട്ടത്. ചക്കയുടെ മൂല്യവർദ്ധിത ഗുണങ്ങളെ മനസ്സിലാക്കി അതിനെ വേണ്ട വിധം ഉപയോഗപ്പെടുത്തുകയാണ് പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്. പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ രണ്ട്

ലക്ഷം രൂപ സബ്സിഡി ഉൾപ്പെടെ ആറ് ലക്ഷം രൂപ പ്രവർത്തന മൂലധനത്തോടെയാണ് അമൃതം ആക്റ്റിവിറ്റി ഗ്രൂപ്പ് ആരംഭിക്കുന്നത്. പ്രാരംഭ ഘട്ടത്തിൽ അഞ്ച് വനിതകൾ അടങ്ങുന്നതായിരുന്നു ഗ്രൂപ്പ്. ആദ്യഘട്ടത്തിൽ ഗുണനിലവാരമേറിയ ആയിരം തേൻവരിക്കാ പ്ലാവിൻ തൈകൾ കർഷകർക്ക് വിതരണം ചെയ്തിരുന്നു. പദ്ധതി നല്ല രീതിയിൽ മുന്നോട്ട് പോയതോടെ കൂടുതൽ പ്രവർത്തന പരിപാടികൾക്കായി ബ്ലോക്ക് പഞ്ചായത്ത് 15 ലക്ഷം രൂപ വകയിരുത്തി തുടർന്ന് ഉൽപ്പാദനത്തിനും, ഉൽപ്പന്നങ്ങൾ കേടുകൂടാതെ സംഭരിക്കുന്നതിനുമായി പഴയഞ്ഞൂർ ബ്ലോക്ക് അങ്കണത്തിൽ ചക്ക സംഭരണ യൂണിറ്റും ചക്ക സംസ്കരണ യൂണിറ്റും ആരംഭിച്ചു. ചക്ക ഉണക്കൽ, പൊടിക്കൽ, വറക്കൽ എന്നിവയ്ക്കൊപ്പം ചക്കയുടെ വിവിധ ഉൽപ്പന്നങ്ങളും ഇവിടെ ഉണ്ടാക്കുന്നുണ്ട്. കൂടാതെ വിവാഹസദ്യകൾ ഉൾപ്പെടെയുള്ള ആഘോഷങ്ങൾക്ക് ഇവർ ഉൽപ്പന്നങ്ങൾ എത്തിച്ചും നൽകുന്നുണ്ട്. സംസ്ഥാനത്തിന് മാതൃകാപരമായ ഈ നൂതന സംരംഭത്തിന്റെ ഉദ്ഘാടനം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി.മൊയ്തീനാണ് നിർവ്വഹിച്ചത്. ഗൃഹാതുരത്വത്തിലുപരി പ്രായോഗിക തലത്തിൽ കൂടി വ്യാപിച്ച ഈ പ്രയാണം മറ്റെല്ലാവർക്കും പ്രചോദനമാക്കുന്നു എന്നതുകൂടിയാണ് അധികൃതരുടെ ഇടപെടലിലൂടെ മനസ്സിലാക്കപ്പെടുന്നത്.

## ഹോമിയോ ഫാർമസിസ്റ്റ് നിയമനം

ഹോമിയോ വകുപ്പ് ഫാർമസിസ്റ്റ് തസ്തികകയിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. എൻസിപി/സിസിപി യോഗ്യതയുള്ളവർ ജൂലൈ രണ്ട് രാവിലെ 10.30 ന് പ്രായം, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അസ്സലും പകർപ്പും സഹിതം അഭിമുഖത്തിന് എത്തണം. ഫോൺ : 0487-2386643.

## അപേക്ഷ ക്ഷണിച്ചു

സ്റ്റേറ്റ് റിസോഴ്സ് സെന്റർ മാനേജ്മെന്റ് ഓഫ് ലേണിങ് ഡിസബിലിറ്റീസ് വിഷയത്തിൽ സർട്ടിഫിക്കറ്റ് പ്രോഗ്രാമിന് അപേക്ഷ ക്ഷണിച്ചു. പ്ലസ് ടു യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷാഫോമും വിശദാംശങ്ങളും www.src.kerala.gov./www.srccc.in എന്ന വെബ് സൈറ്റിൽ ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 15. ഫോൺ : 0471-2325101, 2326101.

## ലിഫ്റ്റ് ഇറക്ടർ പരിശീലനം

കുഴൽമന്ദം ഗവ. ഐ ടി ഐയിൽ പത്താം ക്ലാസ്സ് യോഗ്യതയുള്ളവരിൽ നിന്നും ലിഫ്റ്റ് ഇറക്ടർ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. ഫോൺ : 0492-2273888, 9061899611.

## സെക്രട്ടറി നിയമനം

പെരുവല്ലൂർ പട്ടികജാതി സർവീസ് സഹകരണ സംഘത്തിൽ സെക്രട്ടറിയുടെ തസ്തികയിലേക്ക് നിർദ്ദിഷ്ട യോഗ്യതയുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. പ്രായം 18 നും 40 നും മദ്ധ്യേയുള്ളവരാകണം. സംവരണവിഭാഗകാർക്ക് നിയമാനുസൃത ഇളവ് ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 15. കൂടുതൽ വിവരങ്ങൾക്ക് സംഘം ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 9745292281.

## വായനാപക്ഷാചരണം:
## വായനാമത്സരം ഇന്ന്

ജില്ലാ സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ ജില്ലാതല വായനാ മത്സരം ഇന്ന് (ജൂൺ 29) നടക്കും. രാവിലെ 10 ന് ജില്ലാ പഞ്ചായത്ത് ഹാളിൽ പത്ത്, പ്ലസ്സ് ടു തുല്യതാ പഠിതാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു മണിക്കൂർ വീതമുള്ള കഥ, കവിതാരചന മത്സരം, പുസ്തക ആസ്വാദന കുറിപ്പ് തയ്യാറാക്കൽ എന്നിവ നടക്കും. ഉച്ചയ്ക്ക് രണ്ടിന് കോസ്റ്റ് ഫോർഡ് ഹാളിൽ വായനാസംഗമം മുരളി പെരുനെല്ലി എംഎൽഎ ഉദ്ഘാടനം ചെയ്യും. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ്സ് അദ്ധ്യക്ഷത വഹിക്കും.

# ലക്ഷദ്വീപ് സംഘം
# ജില്ലാ പഞ്ചായത്ത് സന്ദർശിച്ചു

കേരളത്തിലെ അധികാരവികേന്ദ്രീകരണ സംവിധാനത്തെക്കുറിച്ച് പഠിക്കുന്നതിന്റെ ഭാഗമായി ജില്ലയിൽ എത്തിയ ലക്ഷദ്വീപിൽ നിന്നു ള്ള ജനപ്രതിനിധി ഉദ്യോഗസ്ഥ സംഘം ജില്ലാ പഞ്ചായത്ത് സന്ദർശിച്ചു. വൈകീട്ട് മൂന്നിന് ജില്ലാ പഞ്ചായത്തിൽ എത്തിയ സംഘത്തെ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ്, വൈസ് പ്രസിഡണ്ട് എൻ കെ ഉദയപ്രകാശ് എന്നിവരുടെ നേതൃത്വത്തിൽ സ്വീകരിച്ചു. ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ ജില്ലയിലെ അധികാരവികേന്ദ്രീകരണം, ജില്ലാ പഞ്ചായത്തിന്റെ വിവിധ പദ്ധതികൾ, നവകേരളം ലക്ഷ്യമിട്ടുള്ള പദ്ധതികൾ എന്നിവ ലക്ഷദ്വീപ് സംഘത്തിനായി വിശദീകരിച്ചു. വിജ്ഞാന സാഗർ, സുശാന്തം, ബാലസൗഹൃദ ജില്ലാ, ശുഭാപ്തി തുടങ്ങി ജില്ലാ പഞ്ചായത്തിന്റെ നവീന പദ്ധതികൾ പ്രത്യേകം പരിചയപ്പെടുത്തി. ലക്ഷദ്വീപിലെ പഞ്ചായത്ത്‌രാജ് സംവിധാനത്തിൽ നിന്നുള്ള അനുഭവങ്ങൾ പങ്കുവച്ചു.

ലക്ഷദ്വീപ് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കം ചീഫ് കൗൺസിലർ ബി ഹസൻ, വൈസ് പ്രസിഡണ്ട് ടി കെ അബ്ദുൾ ഷുക്കൂർ, വൈസ് പ്രസിഡണ്ട് കം കൗൺസിലർ പി പി അബ്ബാസ് എന്നിവരുടെ നേതൃത്വത്തിലുള്ള 35 അംഗസംഘമാണ് സന്ദർശനം നടത്തിയത്. ലക്ഷദ്വീപ് ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, ദ്വീപ് പഞ്ചായത്ത് ചെയർപേഴ്സൺമാർ, ഉദ്യോഗസ്ഥർ എന്നിവർ സംഘത്തിലുണ്ടായിരുന്നു. എട്ട് ദിവസത്തെ സന്ദർശനത്തിനായി കേരളത്തിലെത്തിയ സംഘം ജൂൺ 26 മുതൽ 30 വരെയാണ് കിലയുടെ ആഭിമുഖ്യത്തിൽ തൃശൂർ ജില്ലയിലെ വിവിധ തദ്ദേശസ്ഥാപനങ്ങളിൽ സന്ദർശനം നടത്തുന്നത്. തൃശൂർ ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാരായ ജെന്നി ജോസഫ്, പത്മിനി ടീച്ചർ, മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ഷീല വിജയകുമാർ, ജില്ലാ പഞ്ചായത്തംഗങ്ങൾ, ഉദ്യോഗസ്ഥർ തുടങ്ങിയവരും പങ്കെടുത്തു.

# ബാങ്കുകൾ വായ്പ നൽകിയത് 18592 കോടി രൂപ

തൃശ്ശൂർ ജില്ലയിലെ ബാങ്കുകൾ 2018 -2019 സാമ്പത്തിക വർഷത്തിൽ 18592 കോടി വായ്പ നൽകിയതായി ജില്ലാ തല ബാങ്കിങ് അവലോകന സമിതി യോഗം വിലയിരുത്തി. മുൻഗണനാ വിഭാഗത്തിൽ 12165 കോടി രൂപ നൽകി. കാർഷിക മേഖലയ്ക്ക് വായ്പയായി 4196 കോടിയും കാർഷികേതര ചെറുകിട വ്യവസായ വായ്പയായി 3739 കോടി രൂപയും അനുവദിച്ചു. ബാങ്കുകളുടെ നിക്ഷേപം 10 .50 % വർദ്ധിച്ച 78998 കോടി രൂപയും വായ്പാ നീക്കിയിരിപ്പ് 10 .09 % വർദ്ധിച്ച 50460 കോടി രൂപയിലെത്തി .വായ്പാ നിക്ഷേപ അനുപാതം 64 % ആണ്. പ്രളയ ദുരിതാശ്വാസ പദ്ധതിയായ ആർ കെ എൽ എസ് പ്രകാരം കുടംബശ്രീ വഴി 371 കോടി രൂപ 7540 സംഘങ്ങൾക്ക് ഇതുവരെ വായ്പ നൽകി .ഇതിൽ 37912 കുടുംബങ്ങളെ ഉൾക്കൊള്ളിക്കുവാൻ കഴിഞ്ഞു. മുദ്രാ വായ്പാ യോജനയിൽ 60623 പേർക്ക് 782 .41 കോടി വിതരണം ചെയ്തു. ദുർബല വിഭാഗങ്ങൾക്ക് ഇതുവരെ 10009 കോടി രൂപ വായ്പ നൽകിയതായി ജില്ലാ ലീഡ് ബാങ്ക് മാനേജർ അനിൽകുമാർ കെ കെ അറിയിച്ചു. ജില്ലാ കളക്ടർ ടി വി അനുപമ അദ്ധ്യക്ഷത വഹിച്ചു. കനറാ ബാങ്ക് റീജിയണൽ ഹെഡ് പ്രശാന്ത് ജി , റിസർവ് ബാങ്ക് എൽഡിഒ സെലീനാമ്മ ജോസഫ്, നബാർഡ് എജിഎം ദീപ എസ് പിള്ള, മറ്റു വകുപ്പുതല ഉദ്യോഗസ്ഥർ, ജില്ലാതല ബാങ്ക് ഉദ്യോഗസ്ഥർ , സാമ്പത്തിക സാക്ഷരതാ കൗൺസിലർമാർ എന്നിവരും പങ്കെടുത്തു.

# അനർഹർ പ്രളയാനുകൂല്യം കൈപ്പറ്റിയെങ്കിൽ പരിശോധിക്കും: ജില്ലാ കളക്ടർ

അനർഹർ പ്രളയാനുകൂല്യം കൈപ്പറ്റിയിട്ടുണ്ടെങ്കിൽ പരിശോധിക്കുമെന്ന് ജില്ലാ കളക്ടർ ടി വി അനുപമ. കളക്ടറുടെ അധ്യക്ഷതയിൽ നടന്ന ജില്ലാ വിജിലൻസ് കമ്മിറ്റി യോഗത്തിൽ ചാല ക്കുടി കാടുകുറ്റി ഗ്രാമപഞ്ചായത്തിലെ പ്രളയബാധിത പ്രദേശങ്ങളിൽ അനർഹർക്ക് ആനുകൂല്യം ലഭിച്ചുവെന്ന പരാതി ഉയർന്നപ്പോഴാണ് ഇത്തരം സംഭവങ്ങൾ എവിടെയുണ്ടെങ്കിലും പരിശോധി ക്കുമെന്ന് കളക്ടർ വ്യക്തമാക്കിയത്. കാടുകുറ്റി പഞ്ചായത്തിലെ ആറാം വാർഡിൽ പ്രളയാനന്തര ആനുകൂല്യം അനർഹർക്കു ലഭിച്ചുവെന്നും പട്ടികജാതി വിഭാഗക്കാർ ഉൾപ്പെടെയുള്ളവർ തഴയപ്പെ

ട്ടുവെന്നും യോഗത്തിൽ പരാതി ലഭിച്ചു. പഞ്ചായത്തിലെ മറ്റു വാർഡുകളിലും അനർഹർ ആനുകൂല്യം കൈപ്പറ്റിയെന്ന പരാതിക്കാരന്റെ അപേക്ഷ പരിശോധിച്ച് നടപടിയെടുക്കുമെന്നും അവരുടെ പേരുവിവരങ്ങൾ ശേഖരിച്ചു നൽകാൻ പഞ്ചായത്തിനോട് ആവശ്യപ്പെടുമെന്നും കളക്ടർ വ്യക്തമാക്കി.

കോർപ്പറേഷനിലെ ഒല്ലൂർ പള്ളിക്കു മുൻവശത്തുള്ള ഷോപ്പിങ് കോംപ്ലക്സിലും അതിനോട് ചേർന്ന റോഡിലും സ്വകാര്യ വ്യക്തി കൈയേറ്റം നടത്തിയെന്ന പരാതിയിൽ കോർപ്പറേഷൻ, പി ഡബ്ല്യു ഡി എന്നിവരോട് നിജസ്ഥിതി കണ്ടെത്തി ഉടൻ റിപ്പോർട്ട് സമർപ്പിക്കാനും കളക്ടർ നിർദേശിച്ചു. കഴിഞ്ഞ വിജിലൻസ് യോഗത്തിൽ ലഭിച്ച നാല് പരാതികൾക്ക് പരിഹാരം കണ്ടെത്തി. അടുത്ത യോഗത്തിനു മുൻപ് ഏഴ് പുതിയ പരാതികൾ പരിശോധിച്ച് പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. വിവിധ വകുപ്പുതല ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# ജലരക്ഷയ്ക്കായി സ്കൂളുകളിൽ ബ്ലൂ ആർമി

ജില്ലയിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ ജലസംരക്ഷണം സാദ്ധ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന സംയോജിത പ്രോജക്റ്റായ 'ജലരക്ഷ-ജീവരക്ഷ'യുടെ നടത്തിപ്പിൽ ജില്ലയിലെ മുഴുവൻ വിദ്യാർത്ഥി സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പുവരുത്താനായി സ്കൂളുകളിൽ ബ്ലൂ ആർമി' എന്ന ജല ക്ലബ്ബുകൾ പ്രവർത്തനം വ്യാപിപ്പിക്കുന്നു. ശുദ്ധജലത്തിന്റെ പ്രാധാന്യം ഉൾകൊണ്ട് ജലസംരക്ഷണത്തിനും ജലവിനിയോഗത്തിനും അർഹിക്കുന്ന പരിഗണന നൽകി ജലസാക്ഷരത വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിനുള്ള ചിട്ടയായ പ്രവർത്തനങ്ങളാണ് 'ബ്ലൂ ആർമി' യിലൂടെ പ്രാവർത്തികമാക്കുന്നത്. കഴിഞ്ഞ വർഷം 2018-19 ലാണ് 'ബ്ലൂ ആർമി' 80% വിദ്യാഭ്യാസ സ്ഥാപനങ്ങളിലും രൂപീകൃതമായിട്ടുണ്ട്. പ്രളയവുമായി ബന്ധപ്പെട്ട ഒട്ടേറെ പരിപാടികൾ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി 'ബ്ലൂ ആർമി' അംഗങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിന് 'ബ്ലൂ ആർമി' കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. എല്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിൽനിന്നുള്ള ഗവ. സ്കൂൾ/കോളേജുകൾ മുഖേന ഈ കലണ്ടർ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ജില്ലാ പഞ്ചായത്ത് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഇതിനായി ആദ്യം പേര് നൽകുന്ന 50 വിദ്യാഭ്യാസ സ്ഥാപനത്തിന് പതിനായിരം രൂപ ജില്ലാ പഞ്ചായത്ത് വിഹിതവും ഗ്രാമപഞ്ചായത്ത് വിഹിതവും കൈമാറേണ്ടതാണ്. കൃഷി ഭവൻ മുഖേന സൗജന്യമായി ലഭിക്കുന്ന പച്ചക്കറി തൈകളും വിത്തുകളും, ബയോഡൈവേഴ്സിറ്റി ബോർഡിൽനിന്നും ലഭിക്കുന്ന ഔഷധചെടികളും ലഭ്യമാക്കി നൽകി പ്രവർത്തനങ്ങൾ ആരംഭിക്കണം. വിവിധ മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങളും 'ബ്ലൂ ആർമി' മുഖേന നടപ്പിലാക്കണം. ഇതിനായി ജില്ലാ പഞ്ചായത്ത് 625000 രൂപ വിഹിതം വകയിരുത്തിയിട്ടുണ്ട്.

ബ്ലൂ ആർമി പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്ത് dscothrissur@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയച്ചുതരേണ്ടതാണ്. ഏറ്റവും നന്നായി പ്രവർത്തനങ്ങൾ നടത്തിക്കുന്ന പഞ്ചായത്തിനും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പ്രത്യേക പ്രശംസ അംഗീകാരങ്ങൾ ഈ വർഷം മുതൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 'ബ്ലൂ ആർമി' പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി കില യുടെ ആഭിമുഖ്യത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. കലണ്ടർ പ്രകാരമുള്ള പ്രവർത്തനങ്ങൾ എങ്ങനെ നടപ്പിലാക്കണം എന്നതിനെക്കുറിച്ച് ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷന്മാർക്കും ഉപാദ്ധ്യക്ഷന്മാർക്കും, വിവിധ സ്കൂളുകളിലെ / കോളേജുകളിലെ ബ്ലൂ ആർമി ടീച്ചർ കോ-ഓർഡിനേറ്റർമാർക്കുമായി 300 ഓളം പേർക്ക് പരിശീലനം നൽകി. ഓരോ ബ്ലോക്ക് അടിസ്ഥാനത്തിൽ ഗ്രൂപ്പ് തിരിഞ്ഞ് പദ്ധതി രൂപരേഖയും സമയ ചാർട്ടും തയ്യാറാക്കൽ വിവിധ പരിശീലന പരിപാടികളിലും നടന്നിട്ടുണ്ട്.

# അപേക്ഷ ക്ഷണിച്ചു

പുത്തൻചിറ ഗ്രാമപഞ്ചായത്തിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കുന്ന തൊഴുത്ത്, ആട്ടിൻകൂട് നിർമ്മാണം, ഫാംപോണ്ട്, കോഴിക്കൂട്, കക്കൂസ് നിർമ്മാണം, സോക്ക്പിറ്റ്, അസോള ടാങ്ക്, ഫലവൃക്ഷത്തോട്ടം, വർക്ക് ഷെഡ് തുടങ്ങി ആനുകൂല്യങ്ങൾക്കായി ബിപിഎൽ, എസ് സി, ആശ്രയ, ഐഎവൈ, വിധവകൾ, വികലാംഗർ എന്നിവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷ ഗ്രാമപഞ്ചായത്ത് ഓഫീസിൽ ജൂലൈ 30 വരെ സ്വീകരിക്കും. അപേക്ഷാഫോമിനും വിശദവിവരങ്ങൾക്കും ഓഫീസുമായി ബന്ധപ്പെടണമെന്ന് സെക്രട്ടറി അറിയിച്ചു. ഫോൺ : 0480-2890208.

അവസാനിച്ചു